സ്ത്രീശാക്തീകരണം

ഡോ. ലീന എസ്,
ഡോ. ടി.എസ്. മനോജ്കുമാർ,
ഡോ. സി. തമ്പാൻ

# തെങ്ങുകയറ്റവും ഞങ്ങൾക്ക് പുത്തരിയല്ല



തലയെടുപ്പോടെ വളർന്നു നിൽക്കുന്ന കൊന്നത്തെങ്ങുകൾ അനായാസം കയറി ചരിത്രം തീർക്കുകയാണ് കാസറഗോഡ് ജില്ലയിൽ കുറ്റിക്കോൽ പഞ്ചായത്തിലെ പെൺകൂട്ടായ്മ. അഞ്ചുപേരാണിതിലുള്ളത്. ബിന്ദു.ടി, ഇ.വി. ശാരദ, എൻ.എ നാരായണി, ബിന്ദു. ബി.കെ., ശാരദ ടി. യന്ത്രവത്കൃത തെങ്ങുകയറ്റത്തിൽ പെൺകരുത്ത് തെളിയിക്കുകയാണ് ഇവർ.

നാളികേര വികസന ബോർഡ് നടപ്പാക്കുന്ന 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' പരിശീലന പരിപാടിയുടെ വിജയം കാർഷിക മേഖലയ്ക്ക് പകർന്ന നവോന്മേഷത്തിന്റെ തുടർച്ചക്കാരാണിവർ. കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിനു കീഴിൽ കാസറഗോഡ് പ്രവർത്തിക്കുന്ന കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ചാണ് ഇവർക്ക് പരിശീലനം കിട്ടിയത്. യന്ത്രമുപയോഗിച്ച് ആയാസരഹിതമായി തെങ്ങുകയറാം എന്ന അറിവും അത് ഒരു സ്ഥിര വരുമാനമാർഗമാക്കാം എന്ന ആഗ്രഹവുമാണ് ഇവരെ കൃഷിവിജ്ഞാനകേന്ദ്രത്തിൽ എത്തിച്ചത്. കാർഷിക മേഖലയിൽ തെങ്ങ് കയറാൻ ആളെ കിട്ടാനില്ലാത്ത അവസ്ഥയിൽ തൊഴിൽ ലഭ്യത ഒരു പ്രശ്നമേ അല്ലെന്ന് ഇവർക്ക് ബോധ്യമായി. അങ്ങനെ പുരുഷൻമാർ ആധിപത്യം പുലർത്തുന്ന ഒരു കർമ്മ മേഖലയിലേക്ക് ഇവർ സധൈര്യം എത്തുകയായിരുന്നു.

എല്ലാവരും കുടുംബശ്രീയുടെ സജീവ പ്രവർത്തകർ. തെങ്ങിന്റെ ഈ വനിതാ ചങ്ങാതിമാർ ഒരു സൗഹൃദ കൂട്ടായ്മയാണിന്ന്. യന്ത്രവുമായി ഒറ്റയ്ക്കൊറ്റയ്ക്ക് തെങ്ങു കയറാൻ പോകുന്നതിലുള്ള ബുദ്ധിമുട്ടും മതിയായ യാത്രാ സൗകര്യങ്ങളുടെ അഭാവവും സർവ്വോപരി കേരകർഷകരുടെ സൗകര്യവും കണക്കിലെടുക്കുമ്പോൾ ഒരു കൂട്ടായ്മ രൂപീകരിച്ച് ഈ തൊഴിൽ മേഖലയിൽ ചുവടുറപ്പിക്കാനായിരുന്നു തീരുമാനം.

തങ്ങളുടെ ജീവിതം കരുപിടിപ്പിക്കാൻ ഈ പരിശീലന പരിപാടിവഴി കഴിഞ്ഞതായി ഇവർ ഏകസ്വരത്തിൽ പറയുന്നു. യന്ത്രം ഉപയോഗിച്ച് ഒട്ടും ആയാസമില്ലാതെ തെങ്ങുകയറി വിളവെടുപ്പു മാത്രമല്ല മണ്ടവൃത്തിയാക്കൽ തുടങ്ങിയ പണികളും ഇവർ നിഷ്പ്രയാസം ചെയ്യുന്നു. സ്ത്രീകൾ യന്ത്രവുമായി തെങ്ങ് കയറുന്നത് ഭയപ്പാടോടെയും ഒട്ടു പരിഹാസത്തോടെയും കണ്ടിരുന്ന കുടുംബാംഗങ്ങളും അയൽക്കാരും ഇന്ന് സർവ്വ പിന്തുണയുമായി ഇവർക്കൊപ്പമുണ്ട്. എന്നിരുന്നാലും മണ്ണിൽ ചവിട്ടിനിന്ന് ചെയ്യാൻ പറ്റുന്ന പണികൾമാത്രം സ്ത്രീകൾ ചെയ്താൽപോരെ എന്ന് ആശങ്കപ്പെടുന്നവരും കുറവല്ല. ആദ്യം ഒന്നു രണ്ടു തോട്ടത്തിലെ വിളവെടുപ്പ് ഇവർക്ക് ഏർപ്പാടാക്കി കൊടുത്തത് ഇവരുടെ കുടുംബാംഗങ്ങൾ തന്നെയായിരുന്നു. തുടർന്ന് കേരകർഷകർ തന്നെ അവരെ മറ്റു തോട്ടങ്ങളിലേയ്ക്ക് ശുപാർശ ചെയ്തു.

പരിസര പ്രദേശങ്ങളിൽ മാത്രമല്ല, ബണ്ടിച്ചാൽ, ചട്ടഞ്ചാൽ, ദേളി, ഉദുമ, ചാത്തങ്കൈ, കളനാട്, പോയിനാച്ചി, കരിച്ചേരി തുടങ്ങി മറ്റുപ്രദേശങ്ങളിൽ നിന്നും കേരകർഷകർ ഇവരുടെ സഹായം തേടുന്നു. ഒരു തോട്ടത്തിലെ വിളവെടുപ്പിന് ശേഷം സമയം കുറിച്ചുവച്ച് കൃത്യമായി എല്ലാ വിളവെടുപ്പിനും അവർ അതേ തോട്ടത്തിൽ എത്തുന്ന പ്രതിമാസ കർമ്മ പദ്ധതിയും ഇവർക്കുണ്ട്.

തെങ്ങുകളുടെ എണ്ണമനുസരിച്ച് ഒരാൾ ഒരു ദിവസം 20 മുതൽ 66 വരെ തെങ്ങുവരെ കയറുന്നു. ഒരു തെങ്ങിന് 20 രൂപാ നിരക്കിൽ ശരാശരി 35 തെങ്ങു കയറിയാൽ തന്നെ ദിവസം 700 രൂപ വരുമാനം ഒരാൾക്ക് ലഭിക്കും. പക്ഷേ 5 യന്ത്രങ്ങൾകൊണ്ടുപോകാനായി വാഹന സൗകര്യം ഒരുക്കുന്നതിന് 250-500 രൂപ വരെ ചെലവ് വരും. എങ്കിലും 400-600 രൂപവരെ ദിവസവരുമാനം ലഭിക്കുന്നുണ്ട്. രാവിലെ 7 മണിയ്ക്ക് തുടങ്ങുന്ന ജോലി ഉച്ചയ്ക്ക് ഒരു മണിയോടെ കഴിയും. ആഴ്ചയിൽ 6 ദിവസവും ഇത് തുടരുന്നു. പരിശീലനം നേടുന്നതിന് മുമ്പുള്ള ഇവരുടെ ദിവസ വരുമാനം 120 - 180 രൂപവരെ മാത്രമായിരുന്നു.

പഴയ കടംവീട്ടാൻ, മക്കൾക്ക് മികച്ച വിദ്യാഭ്യാസം നൽകാൻ, കുടുംബാവശ്യങ്ങൾ നിറവേറ്റാൻ അങ്ങനെ വിവിധ ആവശ്യങ്ങൾക്ക് വരുമാനം സഹായകമാകുന്നു. കാര്യമായ സമ്പാദ്യമൊന്നുമില്ലെങ്കിലും കടങ്ങൾ തീർക്കാൻ കഴിഞ്ഞത് തന്നെ വലിയ കാര്യം. യന്ത്രവത്കൃത തെങ്ങുകയറ്റത്തിൽ പരിശീലനം തേടി കൂടുതൽ യുവതികൾ ഗ്രൂപ്പുകളായി ഈ മേഖലയിലേയ്ക്ക് കടന്നുവരാൻ തങ്ങളുടെ വിജയകഥ മാതൃകയും പ്രചോദനവുമാകുമെന്ന് ഇവർ വിശ്വസിക്കുന്നു.

സി.പി.സി.ആർ.ഐയിലെ ശാസ്ത്രജ്ഞരാണ് ലേഖകർ

ഫോൺ: 9446062182

## ഫ്രണ്ട്സ് ഓഫ് കട്ടിപ്പാറ

കോഴിക്കോട് കട്ടിപ്പാറ കൃഷിഭവന്റെ നേതൃത്വത്തിൽ നാളികേര വികസന ബോർഡുമായി സഹകരിച്ച് 79 പുരുഷന്മാരും 21 സ്ത്രീകളും ഉൾപ്പെടെ 100 പേർക്ക് തെങ്ങുകയറ്റ പരിശീലനം നൽകി. ഒപ്പം നടീൽ, വളപ്രയോഗം, പരിപാലനം, വിളവെടുപ്പ്, സംസ്കരണം, രോഗകീടനിയന്ത്രണം, ഹൈബ്രിഡൈസേഷൻ, നഴ്സറി തയ്യാറാക്കൽ, ഉത്പന്നവൈവിധ്യവത്ക്കരണം തുടങ്ങി വിവിധ വിഷയങ്ങളെ കുറിച്ചും വ്യക്തിത്വവികസനം, ആരോഗ്യം എന്നീ വിഷയങ്ങളിലും പരിശീലനം നൽകി.

ഈ മേഖലയിൽ തുടരുന്നവരും വൈദഗ്ധ്യം കാണിച്ചവരുമായ യുവതീയുവാക്കളെ ഉൾപ്പെടുത്തി കോഴിക്കോട് കട്ടിപ്പാറ പഞ്ചായത്തിൽ രൂപീകരിച്ച തൊഴിൽ സേനയാണ് ഫ്രണ്ട്സ് ഓഫ് കട്ടിപ്പാറ.

ഫോൺ: 9446642257.

## ചങ്ങാതിക്കൂട്ടം 5000 കടന്നു

നാളികേരത്തിന്റെ വിളവെടുപ്പിന് ആളെ കിട്ടാനില്ലെന്ന രൂക്ഷമായ പ്രതിസന്ധിക്ക് പരിഹാരമായാണ് 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' എന്ന നൂതന ആശയവുമായി നാളികേരവികസന ബോർഡ് രംഗത്തെത്തിയത്. ഒരു വർഷത്തിനകം അയ്യായിരത്തിലധികം യുവതി യുവാക്കളെ ചങ്ങാതിക്കൂട്ടത്തിലംഗമായി ചേർത്ത് ഈ പദ്ധതിക്ക് വമ്പിച്ച പ്രതികരണമാണ് ലഭിച്ചത്. ബോർഡിന്റെ നിർദ്ദേശമനുസരിച്ച് 40 അടി ഉയരമുള്ള തെങ്ങുകൾക്ക് ഗ്രാമങ്ങളിൽ 10 രൂപയും അതിലേറെ ഉയരമുള്ള തെങ്ങുകൾക്ക് 15 രൂപയും നഗരങ്ങളിൽ എല്ലാത്തരം തെങ്ങുകൾക്കും 15 രൂപയുമാണ് ഫീസായി നിജപ്പെടുത്തിയിട്ടുള്ളത്. വയനാട് ഒഴികെയുള്ള എല്ലാ ജില്ലകളിലും പദ്ധതി രണ്ടാം വർഷവും വിജയകരമായി നടപ്പിലാക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 9447665105, 9895846291.

**ഓരോ ജില്ലയിലെയും ചാർജ് ഓഫീസർമാരുടെ നമ്പറുകൾ താഴെ ചേർക്കുന്നു.**

തിരുവനന്തപുരം (നിഷ ജി 9496145812), കൊല്ലം (ജയനാഥ് ആർ 9446028889), ആലപ്പുഴ, (രശ്മി ഡി എസ് 9446484014), പത്തനംതിട്ട, (ജോർജ് പിറ്റർ ജെ 9946255915), ഇടുക്കി (ദീപ്തി ആർ 9846361382), എറണാകുളം (ലീനമോൾ എം എ 9447818993), തൃശൂർ (ശശികുമാർ സി 9995521054), മലപ്പുറം (സെബാസ്റ്റിൻ കെ എസ് 9446211460), പാലക്കാട്, കോട്ടയം (ദീപ്തി നായർ എസ് 9495675679), കോഴിക്കോട് (മൃദുല കെ 9946947725), കണ്ണൂർ, കാസർഗോഡ് (വിജയൻ കെ എം 9447100149).



തെങ്ങിന്റെ ചങ്ങാതിക്കൂട്ടം: ശാരദ ഇ.വി., നാരായണി, ബിന്ദു ബി.കെ., ബിന്ദു ടി., ശാരദ ടി.